## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4796 1.7.2013 ൽ മറുപടിയ്ക്ക്

### വിഭിന്നശേഷിയുള്ളവരുടെ സർവ്വീസ് സീനിയോറിറ്റി

ചോദ്യം — മറുപടി

ഡോ.കെ.ടി.ജലീൽ — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | |
|---|---|
| (എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് 1.1.97 മുതൽ 14.8.1998 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി ചെയ്തിരുന്ന വിഭിന്ന ശേഷിയുള്ളവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇങ്ങനെ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സർവ്വീസ് കാലയളവ് എന്നുമുതലാണ് കണക്കാക്കുന്നത്; | (ബി) പുനഃപ്രവേശനം ലഭിച്ച് ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ |
| (സി) വിഭിന്ന ശേഷിയുള്ള പ്രസ്തുത ജീവനക്കാർ സർവ്വീസിൽ പുനഃപ്രവേശിച്ച തീയതി അവരുടെ അഡ്വൈസ് തീയതിയായി കണക്കാക്കി സർവ്വീസ് കാലയളവായി നൽകുന്നത് പരിഗണിക്കുമോ; | (സി) പരിഗണനയിലില്ല. |
| (ഡി) ഇങ്ങനെ പുനഃപ്രവേശിച്ച വിഭിന്നശേഷിയുള്ള പ്രസ്തുത ജീവനക്കാർക്ക് സാമൂഹ്യനീതി ലഭിക്കണമെങ്കിൽ 13.10.1999 ന് മുമ്പ് അവർ ജോലിയിൽ പുനഃപ്രവേശിച്ച തീയതിക്ക് ശേഷം പി.എസ്.സി ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതും പുതുതായി വന്നതുമായ ഒഴിവുകൾ നൽകി ആ ഒഴിവ് നിലവിൽ വന്ന തീയതി മുതൽ പ്രസ്തുത ജീവനക്കാരുടെ സർവ്വീസ് കാലയളവായി പരിഗണിക്കേണ്ടിയിരുന്നു എന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; | (ഡി) ഇല്ല. ഒഴിവു നിലവിൽ വന്ന തീയതി മുതൽ സർവ്വീസ് കാലയളവായി പരിഗണിക്കാൻ വ്യവസ്ഥയില്ല. |
| (ഇ) ഉണ്ടെങ്കിൽ ആയതിനാവശ്യമായ ഉത്തരവിറക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) ബാധകമല്ല. |

R. Vijayan

സെക്ഷൻ ഓഫീസർ